II. അനുമോദനം

ജ്ഞാനപീഠം പുരസ്ക്കാരം ലഭിച്ച ശ്രീ. എം. ടി. വാസുദേവൻ നായർക്ക് അനുമോദനം

മി. സ്പീക്കർ: ഭാരതീയ സാഹിത്യത്തിലെ പരമോന്നത പുരസ്ക്കാരമായ ജ്ഞാനപീഠം മലയാളക്കരയിലേക്ക് വരുന്നത് ഇത് നാലാം തവണയാണ്. 1995-ലെ ജ്ഞാനപീഠം പുരസ്ക്കാരം ശ്രീ. എം. ടി. വാസുദേവൻ നായർ ഏറ്റുവാങ്ങുമ്പോൾ നമ്മുടെ മാതൃഭാഷ ഒരിക്കൽക്കൂടി ബഹുമാനിതയാവുകയാണ്.

കൂടല്ലൂർ എന്ന ഒരു കൊച്ചു ഗ്രാമത്തിലെ സാധാരണ മനുഷ്യന്റെ അശാന്തിയും, അജ്ഞാതവിഷാദങ്ങളും ചെറുകഥകളിലൂടെയും നോവലുകളിലൂടെയും ചിത്രീകരിച്ചുകൊണ്ട് ശ്രീ. എം. ടി. മലയാളിയുടെ മനസ്സിലേയ്ക്ക് കടന്നുവന്നു. 'നാലുകെട്ടും' 'അസുരവിത്തും' 'കാലവും' ആസ്വാദക മനസ്സുകളിൽ അദ്ദേഹത്തിന് സ്ഥിര പ്രതിഷ്ഠ നേടിക്കൊടുത്തു. 'രണ്ടാമൂഴ'ത്തിലൂടെ വ്യാസമൗനത്തിന് മഹാഭാഷ്യം ചമച്ച എം. ടി. ഭാരതീയ സാഹിത്യവേദിയിലെ കനക സിംഹാസനത്തിന്, അർഹത നേടിയതിൽ അത്ഭുതത്തിന് അവകാശമില്ല തന്നെ. ചെറുകഥകളും നോവലുകളും മാത്രമല്ല ചലച്ചിത്രത്തിന്റെ ഭാഷയും തനിക്ക് കരതലാമലകം ആണെന്ന് 'നിർമ്മാല്യ'ത്തിലൂടെ അദ്ദേഹം തെളിയിച്ചു. നെടുനാളായി മാതൃഭൂമിയുടെ പത്രാധിപത്യം വഹിക്കുന്ന ശ്രീ. വാസുദേവൻ നായർ പത്രപ്രവർത്തനരംഗത്തും തന്റെ സജീവസാന്നിദ്ധ്യം നിലനിർത്തിപ്പോരുന്നുണ്ട്. മനുഷ്യകഥാനുഗായിയായ ശ്രീ. എം. ടി. വാസുദേവൻ നായരുടെ ധന്യമായ തൂലികയ്ക്ക് ഈ സഭ സർവമംഗളങ്ങളും ആശംസിക്കുകയും അദ്ദേഹത്തിന്റെ മഹത്തായ നേട്ടത്തിൽ ഹാർദ്ദമായി അഭിനന്ദിക്കുകയും ചെയ്യുന്നു.

III. അടിയന്തിരപ്രമേയം

നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം

മി. സ്പീക്കർ: കമ്പോളത്തിൽ അവശ്യസാധനങ്ങൾ ഉൾപ്പെടെ നിത്യോപയോഗ സാധനങ്ങൾക്കുള്ള വില അതിരൂക്ഷമായിവിധം വർദ്ധിച്ചിരിക്കുന്നതു നിമിത്തം ജനജീവിതം അത്യന്തം ദുസഹമാവുകയും പൊതുവിതരണ രംഗം പാടേ പരാജയപ്പെടുകയും ചെയ്തിരിക്കുന്ന അതീവ ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി രൂൾ 50 പ്രകാരം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ടി. കെ. രാമകൃഷ്ണൻ, വി. വി. രാഘവൻ, എ. സി. ഷൺമുഖദാസ്, ബേബിജോൺ, കെ. ചന്ദ്രശേഖരൻ എന്നിവർ നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ): സർ, വിലക്കയറ്റം പുതിയ ഒരു പ്രതിഭാസമല്ല; എല്ലാ കാലങ്ങളിലും വിലക്കയറ്റം ഉണ്ടായിട്ടുണ്ട്; ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിച്ചിരുന്ന കാലത്തും വിലക്കയറ്റം ഉണ്ടായിട്ടുണ്ട്. ഐക്യ

LIBRARY ARCHIVES Kerala Legislative Assembly